**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3487** — **02-03-2023 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറിയുടെ വില കർഷകർക്ക് നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറിയുടെ വില കർഷകർക്ക് വിതരണം ചെയ്യുവാൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; നിലവിൽ എത്ര മാസത്തെ കുടിശികയുണ്ടെന്നും എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ വിതരണം ചെയ്യാനുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | **2022-23 സാമ്പത്തിക വർഷത്തിൽ വിപണി ഇടപെടലിനായി സംസ്ഥാന ബഡ്ജറ്ററിൽ, 15 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത 15 കോടി രൂപയിൽ നിന്നും 4.60 കോടി രൂപ 2022 ഓണാഘോഷത്തോട് അനുബന്ധിച്ച് കർഷകരിൽ നിന്നും കൂടിയ വില നൽകി പച്ചക്കറി സംഭരിച്ചതുമായി ബന്ധപ്പെട്ട നഷ്ടം, പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ പച്ചക്കറി നൽകിയ വകയിൽ ഉണ്ടായ നഷ്ടം, കാർഷിക ഉൽപ്പന്നങ്ങളുടെ അമിതോല്പാദനം ഉണ്ടാകുന്ന അവസരങ്ങളിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ കൂടുതലായി സംഭരിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം എന്നിവ നികത്തുന്നതിനായും, 1.35 കോടി രൂപ, കർഷകരുടെ കുടിശ്ശിക തീർക്കുന്നതിനായിട്ടുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നത്. 2022 മാർച്ച് വരെ സംഭരിച്ച പച്ചക്കറിയുടെ വിലയായി, കർഷകർക്കും/ കർഷക സംഘങ്ങൾക്കുമായി 3,04,55,315/- രൂപയും, 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കുടിശ്ശികയായി 4,77,50,000/- രൂപയും നൽകിയിട്ടുണ്ട്. 2023 ജനുവരി മുതലുള്ള കുടിശ്ശിക തുകയായ 52.25 ലക്ഷം രൂപ അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ; കുടിശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | **2022-23 സാമ്പത്തിക വർഷത്തിൽ വിപണി ഇടപെടലിനായി സംസ്ഥാന ബഡ്ജറ്ററിൽ, 15 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത 15 കോടി രൂപയിൽ നിന്നും 4.60 കോടി രൂപ 2022 ഓണാഘോഷത്തോട് അനുബന്ധിച്ച് കർഷകരിൽ നിന്നും കൂടിയ വില നൽകി പച്ചക്കറി സംഭരിച്ചതുമായി ബന്ധപ്പെട്ട നഷ്ടം, പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ പച്ചക്കറി നൽകിയ വകയിൽ ഉണ്ടായ നഷ്ടം, കാർഷിക ഉൽപ്പന്നങ്ങളുടെ അമിതോല്പാദനം ഉണ്ടാകുന്ന അവസരങ്ങളിൽ** |

| | | | | |
|---|---|---|---|---|
| | | | | **കർഷകരുടെ ഉൽപ്പന്നങ്ങൾ കൂടുതലായി സംഭരിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം എന്നിവ നികത്തുന്നതിനായും, 1.35 കോടി രൂപ, കർഷകരുടെ കുടിശ്ശിക തീർക്കുന്നതിനായിട്ടുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നത്. 2022 മാർച്ച് വരെ സംഭരിച്ച പച്ചക്കറിയുടെ വിലയായി, കർഷകർക്കും/ കർഷക സംഘങ്ങൾക്കുമായി 3,04,55,315/- രൂപയും, 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കുടിശ്ശികയായി 4,77,50,000/- രൂപയും നൽകിയിട്ടുണ്ട്. 2023 ജനുവരി മുതലുള്ള കുടിശ്ശിക തുകയായ 52.25 ലക്ഷം രൂപ അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ